"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. ദീപു. ഡി, അസിസ്റ്റന്റ് രജിസ്ട്രാർ (നിലവിൽ അസിസ്റ്റന്റ് ഡയറക്ടർ), കൈത്തറി വസ്ത്ര ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ അധിക ചുമതല വഹിച്ചത് - ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.651/2026/ID തീയതി,തിരുവനന്തപുരം, 15-06-2026

---

പരാമർശം:-

1. G.O(P) No 88/2017/Fin dated 11.07.2017.
2. 13/01/2025-ലെ കൈത്തറി വസ്ത്ര ഡയറക്ടറുടെ HL/59/2025-E1 നമ്പർ നടപടിക്രമം
3. 15/01/2026-ലെ സ.ഉ. (സാധാ) നം. 46/2026/വ്യവ.
4. വ്യവസായ വാണിജ്യ ഡയറക്ടറുടെ 12/09/2025-ലെ ഡിഐസി/4583/2025-ഇഡി2 നമ്പർ കത്ത്

<u>ഉത്തരവ്</u>

വ്യവസായ വാണിജ്യ വകുപ്പിൽ, കൈത്തറി വസ്ത്ര ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) ശ്രീമതി. സുജാത. ബി-യ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് അസിസ്റ്റന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) യിൽ നിന്ന് വിടുതൽ ചെയ്തതിനെ തുടർന്ന് കൈത്തറി വസ്ത്ര ഡയറക്ടറേറ്റിൽ പരാമർശം(2) പ്രകാരം നടത്തിയ ജോലി ക്രമീകരണങ്ങളുടെ അടിസ്ഥാനത്തിൽ 14/01/2025 മുതൽ 30/07/2025 വരെ കൈത്തറി വസ്ത്ര ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ (പവർ ലൂം) തസ്തികയുടെ അധിക ചുമതല വഹിച്ച അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ ദീപു. ഡി-യ്ക്ക് അർഹമായ ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കൈത്തറി വസ്ത്ര ഡയറക്ടറുടെ പരാമർശം(2) നടപടിക്രമത്തിന് പരാമർശം(3) പ്രകാരം സാധൂകരണം നൽകിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം(2) നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ 14/01/2025 മുതൽ 30/07/2025 വരെ അസിസ്റ്റന്റ് ഡയറക്ടർ (പവർ ലൂം) തസ്തികയുടെ അധിക ചുമതല വഹിച്ച അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. ദീപു. ഡി-യ്ക്ക് കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b) (2), 53 A (II) (C), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4 % എന്ന നിരക്കിൽ 14.01.2025 മുതൽ മൂന്നു മാസക്കാലയളവിലേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ദീപു. ഡി (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
Date: 16-06-2026 10:27:18